**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 899** **06-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ ഭാഗമായി വനം മേഖലയോട് ചേർന്ന സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ 6 വനം ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിവിഷൻ തലത്തിൽ ബന്ധപ്പെട്ട് രേഖകളുടെ പ്രഥമിക പരിശോധന നടത്തി വരുന്നു. |
| (ബി) | ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | 14/11/2019-ലെ ജി.ഒ (ആർ.ടി) 483/2018/ പി&ഇഎ നമ്പർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന സ്വകാര്യത്തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കായി 385.31 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-17 | 1524.70 | 1524.70 |
| 2019-20 | 1631.814 | 276.75 |